**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 53** **11-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ തനത് വരുമാനം ഉയർത്തുന്നതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സാമ്പത്തിക വർഷാവസാനം ട്രഷറി പൂട്ടുമെന്നും പെൻഷനും ശമ്പളവും മുടങ്ങുമെന്നും വികസന പദ്ധതികൾ ആകെ താളംതെറ്റുമെന്നുമുള്ള പ്രചരണങ്ങൾ എങ്ങനെയാണ് മറികടന്നതെന്ന് വിശദമാക്കാമോ; | (എ) | കഴിഞ്ഞ കുറച്ച് കാലങ്ങളായി സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ച് പോരുന്നുണ്ട് എന്നതൊരു വസ്തുതയാണ്. പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തതും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി കേന്ദ്ര ധന കൈമാറ്റത്തിൽ കുറവ് വരുത്തിയതുമാണ് മേൽ പ്രതിപാദിത സാമ്പത്തിക ഞെരുക്കത്തിന് പ്രധാനമായും ഇടയാക്കിയിട്ടുള്ളത്.<br><br>കേന്ദ്ര സർക്കാർ പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും, സർക്കാർ കടമായി കണക്കിലെടുത്ത്, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം സ്വീകരിച്ചതിനെതിരെ ഈ സർക്കാർ ബഹു. സുപ്രീം കോടതിയിൽ suit ഫയൽ ചെയ്യുകയും, എന്നാൽ സംസ്ഥാനത്തിന്റെ അവകാശം സംരക്ഷിക്കാൻ സ്യൂട്ട് ഫയൽ ചെയ്തു എന്ന ഒറ്റക്കാരണത്താൽ സംസ്ഥാനത്തിന്റെ അർഹതപ്പെട്ട വായ്പ തടഞ്ഞു വച്ചുവെങ്കിലും മേൽ suit-ലെ ബഹു. സുപ്രീം കോടതിയുടെ ഇടപെടലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് അർഹതപ്പെട്ട വായ്പയായ 13608 കോടി രൂപ രണ്ടു ഘട്ടങ്ങളിലായി |

| | | | |
|---|---|---|---|
| | | | അനുവദിക്കാൻ കേന്ദ്രം നിർബന്ധിതമായി. മേൽ അർഹതപ്പെട്ട വായ്പാ സംസ്ഥാന സർക്കാരിന് കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ അവസാന പാദത്തിന്റെ ആദ്യം ലഭിക്കേണ്ടത് സുപ്രീം കോടതി suit- ന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ തടഞ്ഞുവച്ചതാണ് മേൽ പ്രതിപാദിത സാമ്പത്തിക ഞെരുക്കത്തിന് പ്രധാനമായും ഇടയാക്കിയിട്ടുള്ളത്.<br>പ്രസ്തുത പ്രതികൂല സാഹചര്യത്തിലും ലഭ്യമായ പരിമിത വിഭവങ്ങൾ ഉപയോഗിച്ചും ചെലവുകൾ പരമാവധി ചുരുക്കിയുമാണ് സർക്കാർ ഈ പ്രതിസന്ധി തരണം ചെയ്തത്. |
| (ബി) | സംസ്ഥാനത്തിന്റെ തനതുവരുമാനം ഉയർത്തുന്ന പദ്ധതിനിർവഹണത്തിലും കടം നിയന്ത്രിക്കുന്നതിലും മികച്ച നേട്ടം കൈവരിക്കുന്നതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ധനദൃഢീകരണം സാധ്യമാക്കാൻ ഉതകുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. |
| (സി) | സി.&എ.ജി.യുടെ അർദ്ധവാർഷിക സാമ്പത്തിക അവലോകനത്തിൽ സംസ്ഥാനത്തിന്റെ ധനദൃഢീകരണ പ്രവർത്തനങ്ങൾ കരുത്താർജ്ജിക്കുന്നതായി ചൂണ്ടിക്കാണിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സർക്കാർ വിരുദ്ധ പ്രചാരകർക്കുള്ള മറുപടിയായി വിലയിരുത്താവാൻ കഴിയുമോ; വിശദമാക്കാമോ; | (സി) | മാർച്ച് 31, 2023 –ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ കുറിച്ചുള്ള അക്കൗണ്ടന്റ് ജനറലിന്റെ കരട് ഓഡിറ്റ് റിപ്പോർട്ടിൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മിയിൽ മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 68.77 ശതമാനത്തിന്റെ കുറവുണ്ടായിട്ടുള്ളതായും RD/GSDP അനുപാതം 3.13 ശതമാനത്തിൽ നിന്നും 0.88 ശതമാനമായി മെച്ചപ്പെട്ടതായും പരാമർശമുണ്ട്. FD/GSDP അനുപാതം 4.89 ശതമാനത്തിൽ നിന്നും 2.42 ശതമാനമായി കുറഞ്ഞതിനോടൊപ്പം സംസ്ഥാനത്തിന്റെ മൊത്തം പൊതുകടത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 10,925 കോടിയുടെ കുറവുണ്ടായിട്ടുള്ളതായും ടി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ മേൽ കണ്ടെത്തലുകൾ സംസ്ഥാനം കൈക്കൊണ്ട ധനദൃഢീകരണ പ്രവർത്തനങ്ങളുടെ വിജയത്തിന്റെ സാക്ഷ്യപ്പെടുത്തലായാണ് സർക്കാർ കണക്കാക്കുന്നത്. |
| (ഡി) | നടപ്പ് സാമ്പത്തിക വർഷം സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനായി എന്തെല്ലാം മുൻകരുതലുകളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വെളിപ്പെടുത്തുമോ? | (ഡി) | സർക്കാരിന്റെ തനത് നികുതി വരുമാനം ബഡ്ജറ്റ് ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ ക്രിയാത്മക നടപടികൾ മുൻ വർഷത്തെപ്പോലെ പിൻതുടരാനും ഒപ്പം തന്നെ അനാവശ്യ ചെലവുകൾ നിയന്ത്രിച്ചും പരമാവധി തുക വികസന പ്രവർത്തനങ്ങൾക്ക് നീക്കിവച്ച് സാമ്പത്തിക പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിച്ച് സാധാരണ ജനജീവിതം സാധ്യമാക്കുവാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്. |

സെക്ഷൻ ഓഫീസർ